**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2559** **13-09-2023 - ൽ മറുപടിയ്ക്ക്**

**എൽഎസ്ഡി സ്റ്റാമ്പ് കേസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വ്യാജ എൽ.എസ്.ഡി. സ്റ്റാമ്പ് ബാഗിനുള്ളിൽ വച്ച് ബ്യൂട്ടിപാർലർ ഉടമയെ ലഹരി കേസിൽ കുടുക്കിയ സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | വ്യാജ എൽ.എസ്.ഡി. സ്റ്റാമ്പുമായി ബന്ധപ്പെട്ട കേസ് കണ്ടെടുത്ത എക്സൈസ് ഇൻസ്പെക്ടറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. കൂടാതെ ടി കേസ് കണ്ടെടുത്ത പാർട്ടിയിലുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർമാർ, വനിത സിവിൽ എക്സൈസ് ഓഫീസർ, ദേഹപരിശോധന നടത്തിയ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. പ്രിവന്റീവ് ഓഫീസർ, വനിത സിവിൽ എക്സൈസ് ഓഫീസർ എന്നിവരെ ഇരിങ്ങാലക്കുട താലൂക്കിന് പുറത്ത് മാറ്റി നിയമിച്ചു. |
| (ബി) | പ്രസ്തുത കേസിൽ വ്യാജ എൽ.എസ്.ഡി. സ്റ്റാമ്പ് ബാഗിനുള്ളിൽ വച്ച വ്യക്തിയെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | പ്രസ്തുത കേസിൽ വ്യാജ എൽ.എസ്.ഡി. സ്റ്റാമ്പ് ബാഗിനുള്ളിൽ വച്ച വ്യക്തിയെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ഫിംഗർ പ്രിന്റ്, മൊബൈൽ ഫോൺ ഫോറൻസിക് വിദഗ്ധർ എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കി അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. |
| (സി) | എക്സൈസ് ഉദ്യോഗസ്ഥരുടെ തെറ്റായ ഇടപെടൽ മൂലം ജയിൽവാസത്തിന് ഇരയാകേണ്ടി വന്ന യുവതിക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ